# കള്ളിനു പിന്നിലെ കണ്ണീരുമായി മദ്യകേരളം

**അശോകൻ. പി. എ**

ഇന്ന് കേരളത്തിലെ ചെത്തു തൊഴിലാളികൾ വൻ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. യു. ഡി. എഫ് സർക്കാരിന്റെ പുതിയ മദ്യ നയം മൂലം കള്ളുഷാപ്പുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. ചെത്താനും കള്ളുല്പാദിപ്പിക്കാനുമുള്ള അവരുടെ അവകാശം നിയമം മൂലം സർക്കാർ നിരാകരിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി നൂറുകണക്കിന് ചെത്തുതൊഴിലാളി കുടുംബങ്ങൾ കടുത്ത ദാരിദ്ര്യത്തിലാണ്. ഈ സാഹചര്യത്തിലാണ് തെങ്ങിന്റെ സമ്പൂർണ്ണ അവകാശങ്ങൾക്കുവേണ്ടി (ചെത്താനും വിൽക്കാനും കൂടിയുള്ള) കർഷകരുടെ സമരത്തെ നയിക്കുന്ന ഫാർമേഴ്സ് റിലീഫ് ഫോറവും കോഴിക്കോട്ടെ കൾചറൽ ഇനിഷ്യേറ്റീവുമായി സഹകരിച്ച് 'മദ്യകേരളം' എന്ന പുസ്തകം പുറത്തിറക്കിയിട്ടുള്ളത്. തങ്ങൾ കൃഷി ചെയ്തുണ്ടാക്കിയ വിഭവങ്ങളുടെ മേൽ പൂർണ്ണ അവകാശം സാധ്യമാക്കിയാൽ മാത്രമേ ഉല്പന്നങ്ങൾക്ക് യഥാർത്ഥ വില നേടിയെടുക്കാനാവൂ എന്നും കള്ളിനെ മദ്യപാനീയമായി അംഗീകരിക്കണമെന്നുമുള്ള ആവശ്യങ്ങൾ ഈ പുസ്തകത്തിലൂടെ ലേഖകൻ ഉന്നയിക്കുന്നുണ്ട്.

കള്ളിനെ മദ്യത്തിൽ ഉൾപ്പെടുത്തി മദ്യമാഫിയകൾ എങ്ങനെയെല്ലാം കേരളത്തിലെ ജനങ്ങളെ കീഴ്പ്പെടുത്തിയെന്ന് ഈ പുസ്തകം വെളിപ്പെടുത്തുന്നു. കള്ളിനേയും അതിന്റെ ഉല്പാദനത്തേയും ചരിത്രപരമായി പഠിച്ച് ഇന്നത്തെ ദുരവസ്ഥയ്ക്ക് എന്താണ് കാരണമെന്ന് സ്ഥിതിവിവരക്കണക്കിലൂടെയും പഠനങ്ങളിലൂടെയും ഇതിൽ വിശദീകരിക്കുന്നുണ്ട്.

പാപ്പരായിക്കൊണ്ടിരിക്കുന്ന ഒരു ജനവിഭാഗത്തെ പുത്തൻ സാമ്പത്തിക വ്യവസ്ഥിതി എങ്ങനെ ദുരിതത്തിലാക്കുന്നുവെന്നതിന്റെ പ്രത്യക്ഷോദാഹരണമായി ചെത്തുതൊഴിലാളികളുടെ അവസ്ഥയെ കാണാവുന്നതാണ്. നമുക്ക് നാം ഉല്പാദിപ്പിക്കുന്നതിന്റെ മേൽ സ്ഥാപിച്ചെടുക്കേണ്ട അധികാരത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളായിരിക്കും ഇനി വരുന്ന നാളുകളിൽ നടക്കാൻ പോകുന്നതെന്ന മുന്നറിയിപ്പും നമുക്ക് ഈ പുസ്തകത്തിലൂടെ വായിച്ചെടുക്കാവുന്നതാണ്.

പഠനം(ഗ്രന്ഥകർത്താവ്): ടി. ജി. ജേക്കബ്

മലയാള പരിഭാഷ: എ. പി. കുഞ്ഞാമു. പ്രസാധനം: ഹരിത ബുക്സ്, കോഴിക്കോട്. വില: 50 രൂപ

കോപ്പികൾക്ക് : കേരളീയം, തൃശ്ശൂർ 21